“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/1227/2026-V (3)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയതി: **08-10-2026**

ഡയറക്ടർ

ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം: കിർടാഡ്സ് വകുപ്പ് - റിസർച്ച് അസിസ്റ്റൻ്റ് തസ്തികയിൽ താൽക്കാലികമായി കരാർ നിയമനം - പത്രക്കുറിപ്പ് - സംബന്ധിച്ച്.

സൂചന: മിനിസ്ട്രി ഓഫ് ടൈബൽ അഫയേഴ്സിൽ നിന്നുള്ള **18/06/2026** ലെ **F.No. 11031/23/2024-TRI (E.No.28813)** നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ വകുപ്പ് നടപ്പിലാക്കുന്ന "**Makeerkhe (മാകീരേ്ഖ) - The Spice Symphony of Western Ghats – A Mobile Traditional Culinary Venture**" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ റിസർച്ച് അസിസ്റ്റൻ്റ് തസ്തികയിൽ നിയമനം നടത്തുന്നതിനും **Self Help Group** ഉണ്ടാക്കുന്നതിനുമുള്ള വിജ്ഞാപനങ്ങളുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു. ആയത് സംസ്ഥാനമൊട്ടാകെ പ്രചാരത്തിൽ വരത്തക്കരീതിയിലുള്ള പ്രധാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Digitally signed by
BINDU S
Date: 08-10-2026
16:12:14

ഡയറക്ടർ

ഉള്ളടക്കം: 02

“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/1227/2026-V (1)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയതി: **08-10-2026**

വിജ്ഞാപനം

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻറ് ഡെവലപ്മെൻറ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ്) വകുപ്പിലേക്ക് കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടത്തുന്ന "**Makeerkhe (മാകീരേഖ) - The Spice Symphony of Western Ghats – A Mobile Traditional Culinary Venture**" എന്ന പദ്ധതിയുടെ നടത്തിപ്പിനായി താഴെപറയുന്ന യോഗ്യതയുള്ളവർക്ക് **16/10/2026** ന് രാവിലെ **11.00** മണിക്ക് ഈ വകുപ്പിൽവച്ച് ഒരു വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നതായിരിക്കും.

ഉദ്യോഗാർത്ഥികൾ അന്നേ ദിവസം രാവിലെ **10.00** മണിക്ക് മുൻപായി വയസ്സ്, യോഗ്യതകൾ, സമുദായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ ഒരു പകർപ്പും സഹിതം ഈ വകുപ്പിൽ (ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, ചേവായൂർ പി.ഒ, കോഴിക്കോട് - **673017**) നേരിട്ട് ഹാജരാകേണ്ടതാണ്.

ക്രമ നമ്പർ	തസ്തിക	ഒഴിവുകളുടെ എണ്ണം	യോഗ്യത	പ്രതിഫലം	കാലാവധി
1.	റിസർച്ച് അസിസ്റ്റൻറ്	**01**	**1.** ഒരു അംഗീകൃത സർവ്വകാലാശാലയിൽനിന്ന് ആന്ത്രോപ്പോളജി അല്ലെങ്കിൽ സോഷ്യോളജിയിൽ നേടിയ **55%** മാർക്കിൽ കുറയാതെയുള്ള മാസ്റ്റർ ബിരുദം. **2.** പട്ടികവർഗ **(ST)** വിഭാഗങ്ങൾക്കിടയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ ഫീൽഡ്വർക്ക് പരിചയം അഭികാമ്യം.	പ്രതിമാസം **34,180**/-രൂപ ഹോണറേറിയം	**6** മാസം

പ്രായപരിധി:-

അപേക്ഷകർക്ക് **01/01/2026** ന് **40** വയസ്സിൽ കൂടുവാൻ പാടില്ലാത്തതാണ്. പട്ടിക,

പിന്നോക്ക വിഭാഗ സമുദായക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്.

മുൻഗണന:-

പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കും.

Digitally signed by
BINDU S
Date: 08-10-2026
16:11:37

ഡയറക്ടർ

പകർപ്പ്,

1. ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്
3. കമ്പ്യൂട്ടർ ഓപ്പറേറ്റർ (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
4. നോട്ടീസ് ബോർഡ്

“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/1227/2026-V (2)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **08-10-2026**

വിജ്ഞാപനം

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങളെ സ്വയം സഹായ സംഘത്തിലേക്ക് (Self Help Group) തിരഞ്ഞെടുക്കുന്നതിനുള്ള അറിയിപ്പ് .

കോഴിക്കോട് കിർടാഡ്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന “**Makeerkhe – The Spice Symphony of Western Ghats – A Mobile Traditional Culinary Venture**” എന്ന പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട, പരമ്പരാഗത ഭക്ഷണ നിർമ്മാണത്തിലും തനത് ഭക്ഷണ വിഭവങ്ങളുടെ തയ്യാറാക്കലിലും പ്രാവീണ്യമുള്ള **10** യുവജനങ്ങളെ ഉൾപ്പെടുത്തി ഒരു **Self Help Group (SHG) രൂപീകരിക്കുന്നു.**

വയനാട് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ സമൂഹങ്ങളുടെ തനത് ഭക്ഷണ സംസ്കാരം, പരമ്പരാഗത പാചക രീതികൾ, ഭക്ഷണ വിഭവങ്ങൾ, തദ്ദേശീയമായി ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം എന്നിവ സംരക്ഷിക്കുകയും രേഖപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം, ഈ അറിവുകളെ സംരംഭകത്വം, ഉപജീവനം, വിപണനം, "**മൊബൈൽ ഫുഡ് വെഞ്ചർ**" എന്നിവയുമായി ബന്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

തിരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം - **10** പേർ

അർഹതാ മാനദണ്ഡങ്ങൾ

അപേക്ഷകർക്ക് താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായി രിക്കണം:

1. അപേക്ഷകർ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.
2. അപേക്ഷകർക്ക് **45** വയസ്സിന് താഴെ പ്രായം ഉണ്ടായിരിക്കണം.
3. പരമ്പരാഗത ഭക്ഷണ വിഭവങ്ങളുടെ നിർമ്മാണം, പാചകം, തയ്യാറാക്കൽ, സംരക്ഷണം തുടങ്ങിയ മേഖലകളിൽ പ്രായോഗിക പരിജ്ഞാനവും പ്രാവീണ്യവും ഉണ്ടായിരിക്കണം.

4. സ്വന്തം സമുദായത്തിന്റെ പരമ്പരാഗത ഭക്ഷണരീതികൾ, തനത് ഭക്ഷണ വിഭവങ്ങൾ, പാചകരീതികൾ, ഭക്ഷ്യസംസ്കാരം എന്നിവയെക്കുറിച്ച് അറിവും അനുഭവ പരിചയവും ഉണ്ടായിരിക്കണം.

5. നേതൃപാടവവും സംഘമായി പ്രവർത്തിക്കാനുള്ള കഴിവും ഉണ്ടായിരിക്കണം.

6. **SHG**-യുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിനും കൂട്ടായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനും സന്നദ്ധരായിരിക്കണം.

7. പദ്ധതിയുടെ ഭാഗമായി നൽകുന്ന പരിശീലനങ്ങളിലും പ്രായോഗിക പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നതിനുള്ള താൽപര്യവും സന്നദ്ധതയും ഉണ്ടായിരിക്കണം.

8. പരമ്പരാഗത ഭക്ഷണ വിഭവങ്ങളെ ആധുനിക വിപണന സംവിധാനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും മൊബൈൽ ട്രഡീഷണൽ കുലിനറി വെഞ്ചർ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും താൽപര്യമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

9. വ്യത്യസ്ത പട്ടികവർഗ്ഗ സമൂഹങ്ങളിൽ നിന്നുള്ള അർഹരായ അപേക്ഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പദ്ധതിയുടെ സാമൂഹിക-സാംസ്കാരിക വൈവിധ്യം പ്രതിഫലിപ്പിക്കുന്നതിനും ആവശ്യമായ പരിഗണന നൽകുന്നതാണ്.

<u>തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ</u>

താഴെപ്പറയുന്ന ഘടകങ്ങൾ അപേക്ഷകരെ തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കുന്നതാണ്:

- പരമ്പരാഗത ഭക്ഷണ നിർമ്മാണത്തിലുള്ള പ്രാവീണ്യം;
- തനത് ഭക്ഷണവിഭവങ്ങളെക്കുറിച്ചുള്ള അറിവ്;
- പരമ്പരാഗത പാചകരീതികളിലുള്ള പരിചയം;
- തദ്ദേശീയ ഭക്ഷ്യവിഭവങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള അറിവ്;
- നേതൃപാടവം;
- സംഘമായി പ്രവർത്തിക്കാനുള്ള കഴിവ്;
- സംരംഭകത്വ മനോഭാവം;
- ആശയവിനിമയ ശേഷി;
- പദ്ധതിയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനുള്ള സന്നദ്ധത.

അഭിമുഖം / പ്രായോഗിക കഴിവ് വിലയിരുത്തൽ എന്നിവയുടെ അടിസ്ഥാനത്തിൽ അന്തിമ തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

അപേക്ഷ സമർപ്പിക്കൽ

താത്പര്യമുള്ള അർഹരായ പട്ടികവർഗ്ഗ അപേക്ഷകർ ഈ വകുപ്പിന്റെ www.kirtads.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ സഹിതം സമർപ്പിക്കേണ്ടതാണ്:

1. പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ്
2. പ്രായം തെളിയിക്കുന്ന രേഖ
3. ആധാർ കാർഡ്
4. പരമ്പരാഗത ഭക്ഷണ നിർമ്മാണ മേഖലയിലെ അനുഭവം/പ്രാവീണ്യം സംബന്ധിച്ച വിശദാംശങ്ങൾ.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 23/10/2026

അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം:

ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, ചേവായൂർ പോസ്റ്റ്,
കോഴിക്കോട് ജില്ല, പിൻ. **673017.**

ബന്ധപ്പെടാവുന്ന ഫോൺ നമ്പർ: **0495-2357329**

ഇ-മെയിൽ: **kirtads@gmail.com**

അപേക്ഷകൾ പരിശോധിച്ചശേഷം പ്രാഥമികമായി തെരഞ്ഞെടുക്കപ്പെടുന്നവരെ, അഭിമുഖം/പരിചയം, നേതൃത്വം പാടവം തുടങ്ങിയ വിലയിരുത്തലിനായ് അറിയിപ്പ് നൽകുന്നതാണ്.

പ്രത്യേക അറിയിപ്പ്

തിരഞ്ഞെടുക്കപ്പെടുന്ന **10** അംഗങ്ങളെ ഉൾപ്പെടുത്തി **Self Help Group (SHG)** രൂപീകരിക്കുകയും, പദ്ധതിയുടെ ഭാഗമായി പരമ്പരാഗത ഭക്ഷണ നിർമ്മാണം, ഭക്ഷ്യസുരക്ഷ, ശുചിത്വം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വികസനം, സംരംഭകത്വം, ബ്രാൻഡിംഗ്, വിപണനം തുടങ്ങിയ മേഖലകളിൽ ആവശ്യമായ പരിശീലനവും മാർഗനിർദേശവും നൽകുകയും ചെയ്യും. പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്ന **SHG**-യെ വയനാടിന്റെ തനത് പട്ടികവർഗ്ഗ ഭക്ഷണ സംസ്കാരത്തെ അടിസ്ഥാനമാക്കിയുള്ള **"Mobile Traditional Culinary Venture"** സംരംഭമായി വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

Digitally signed by
BINDU S
Date: 08-10-2026
16:14:45

ഡയറക്ടർ

1. ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്

3. കമ്പ്യൂട്ടർ ഓപ്പറേറ്റർ (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

4. നോട്ടീസ് ബോർഡ്